**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1653** **05-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് വന്യജീവികൾ ഉണ്ടാക്കുന്ന കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവികൾ കൃഷിനാശം ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട് പ്രതിരോധ മാർഗ്ഗമായി ഏതെല്ലാം രാസവസ്തുക്കൾ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്ത് വന്യജീവികൾ മൂലമുണ്ടാകുന്ന കൃഷിനാശം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് പ്രതിരോധ മാർഗ്ഗമെന്ന നിലയിൽ പ്രസ്തുത ജീവികളുടെ ജീവന് ഹാനികരമാകുന്ന തരത്തിലുള്ള രാസവസ്തുക്കളുടെ ഉപയോഗം ഒന്നും തന്നെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ശിപാർശ ചെയ്യുന്നില്ല. എന്നാൽ കാർഷിക വിളകൾക്ക് വൻതോതിൽ നാശം ഉണ്ടാക്കുന്ന കാട്ടുപന്നി, മ്ലാവ് എന്നിവയെ കൃഷിയിടങ്ങളിൽ നിന്നും അകറ്റി നിർത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയിലെ അഖിലേന്ത്യ കശേരു കീട നിയന്ത്രണ ശൃംഖല പദ്ധതിയുടെ (KAR – All India Network Project on Vertebrate Pest Management) കീഴിൽ വികസിപ്പിച്ചെടുത്ത ബോറെപ്പ് (wild boar olfactory repellent) ഡീറെപ്പ് (sambar deer olfactory affecting repellent) എന്നീ ജൈവ ഘ്രാണ വികർഷണികൾ കർഷകർ ഉപയോഗിച്ചുവരുന്നു. |
| (ബി) | ഇവയുടെ പ്രയോഗവും ഉപയോഗവും സംബന്ധിച്ച് എന്തെല്ലാം ബോധവൽക്കരണമാണ് കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ളത്? | (ബി) | പ്രസ്തുത ജൈവ-ഘ്രാണ വികർഷണികളുടെ ഉപയോഗം, കൃഷിയിടങ്ങളിലെ പ്രയോഗ രീതി എന്നിവയെ സംബന്ധിച്ച് കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, മറ്റ് സ്ഥാപനങ്ങൾ എന്നിവ കർഷകർക്കായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടികൾ മുഖാന്തിരം നേരിട്ടും, കൂടാതെ ആയത് സംബന്ധിച്ച് തയ്യാറാക്കിയ ലഘുലേഖ, കാർഷിക സർവ്വകലാശാല വെബ്സൈറ്റ് വഴി ലഭ്യമാക്കിയിട്ടുള്ള ലഘു വീഡിയോ എന്നിവ വഴിയും കർഷകരെ ബോധവൽക്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ